(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഓവർഡ്രാഫ്റ്റ് ഇനത്തിൽ പലിശ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നൽകിയ പലിശ എത്രയെന്ന് വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിന് ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നില്ല.

(ബി) ഉണ്ട്.

(സി) 38.84 കോടി രൂപ.

പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ വൈദ്യുതീകരണം.

* 174 [177] ശ്രീ. കെ.ടി.കണാരൻ:
,, എം.കെ.കേശവൻ:
,, കെ.ടി.കുമാരൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, കെ.ഇ.ഇസ്മയിൽ: താഴെ കാണുന്ന ചോദ്യത്തിന്മേൽ വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്താകെ എത്ര പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ വൈദ്യുതീകരിച്ചു;

(ബി) നിശ്ചയിച്ചതനുസരിച്ചു ഇനി വൈദ്യുതീകരിക്കാത്ത കോളനികൾ എത്ര;

(സി) അവ എന്നത്തേക്ക് വൈദ്യുതീകരിക്കുമെന്ന് പറയുവാൻ കഴിയുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) പട്ടികജാതി കോളനികൾ—632 എണ്ണം.
പട്ടികവർഗ്ഗകോളനികൾ—33 എണ്ണം.

(ബി) 5 പട്ടിക ജാതി കോളനികൾ.

(സി) ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിനു ലഭിച്ച ഗ്രാന്റ്

* 175 [173] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, മണിമംഗലത്തു കുട്ട്യാലി:
,, തൊപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ:
,, ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യത്തിന്മേൽ ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

LIBRARY ARCHIVES Kerala Legislative Assembly

(എ) 1982 മുതൽ കേന്ദ്രഗവൺമെന്റിൽനിന്നും പ്രത്യേക പരിഗണനവച്ച് സംസ്ഥാനത്തിന് എത്ര കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; ഓരോ കൊല്ലത്തിലും ലഭിച്ച തുക എത്ര;

(ബി) വരൾച്ച, വെള്ളപ്പൊക്കം എന്നീ ആവശ്യങ്ങൾക്കായി എത്ര കോടി രൂപ ലഭിച്ചു?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1982 മുതൽ സംസ്ഥാനത്തിന് കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക പരിഗണനവെച്ച് ഗ്രാന്റായി താഴെപറയും പ്രകാരമാണ് തുക ലഭിച്ചിട്ടുള്ളത്.

1982-83	..	0.60 കോടി രൂപ
1983-84 (വരൾച്ച)	..	15.88 ,,
1984-85 (വെള്ളപ്പൊക്കം)	..	14.80 ,,
1985-86 (വെള്ളപ്പൊക്കം)	..	105.21 ,,

(ബി) വരൾച്ച, വെള്ളപ്പൊക്കം എന്നിവയ്ക്കായി 1981-82 മുതൽ 1985-86 വരെ ലഭിച്ച തുക താഴെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക		
	ഗ്രാന്റ്	ലോൺ	ആകെ
1981-82 (വെള്ളപ്പൊക്കം)	6.37 കോടി രൂപ	ഇല്ല	6.37 കോടി രൂപ
1982-83 (വരൾച്ച)	0.60 ,,	1.40 കോടി രൂപ	2.00 ,,
1983-84 (വരൾച്ച)	15.98 ,,	22.37 ,,	38.35 ,,
1984-85 (വെള്ളപ്പൊക്കം)	14.80 ,,	ഇല്ല	14.80 ,,
1985-86 (വരൾച്ച)	0.09 ,,	0.21 കോടി രൂപ	0.30 ,,
1985-86 (വെള്ളപ്പൊക്കം)	105.21 ,,	ഇല്ല	105.21 ,,

1988 മാർച്ച് 31-ാം തീയതിയിലെ ക്ലോസിംഗ് ബാലൻസ്

* 176 [179] ശ്രീ. എ. ജോർജ്:

,, സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മാർച്ച് 31-ാം തീയതി സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളും കാഷ് ബാലൻസും ഉൾപ്പെടെയുള്ള അഡ്ജസ്റ്റഡ് ക്ലോസിംഗ് ബാലൻസ് തുക എത്രയെന്ന് റിസർവ്വ് ബാങ്കിന്റെ റിപ്പോർട്ടിനെ ആധാരമാക്കി കേന്ദ്ര ധനകാര്യവകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly